# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

ജി.എച്ച്.എസ്.എസ്
അംഗടിമുഗർ

# ആമുഖം

കാസറഗോഡ് ജില്ലയിലെ കുമ്പള സബ്ജില്ലയിൽ പുത്തിഗെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക സർക്കാർ ഹയർസെക്കണ്ടറി സ്കൂൾ ആണ് ജി.എച്ച്.എസ്.എസ്. അംഗഡിമുഗർ. 1927ൽ പ്രവർത്തനം ആരംഭിച്ച് ശതാബ്ദിയിലേക്ക് കടക്കുന്ന ഈ വിദ്യാലയത്തിൽ നിലവിൽ പ്രീപ്രൈമറി മുതൽ ഹയർസെക്കണ്ടറി വരെ ആയിരത്തിലധികം വിദ്യാർത്ഥികൾ പഠനം നടത്തുന്നു. പാവപ്പെട്ടവരുടെയും കർഷകത്തൊഴിലാളികളുടെയും സാധാരണക്കാരുടെയും മക്കളാണ് ഭൂരിഭാഗവും. അതുകൊണ്ട് തന്നെ രക്ഷിതാക്കൾ സമഗ്ര ഗുണമേന്മ എന്ന കാര്യത്തെപ്പറ്റി ഒട്ടും ബോധവാന്മാരല്ല. അത് വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ കാര്യമായി ബാധിക്കുന്നു. ഗ്രാമപ്രദേശമായതിനാൽ കുട്ടികൾ സ്കൂളിലെത്തെത്താൻ ബുദ്ധിമുട്ടുന്നു. മതിയായ ഗതാഗത സൗകര്യമില്ലാത്തതിനാലും മഴക്കാലമായാൽ പുത്തിഗെ, അംഗഡിമൊഗർ പുഴകൾ കരകവിഞ്ഞൊഴുകുന്നതിനാലും മുന്നൂർ, ചള്ളക്കയം, മുഗു മുതലായ മേഖലകളിലുള്ള കുട്ടികൾക്ക് സ്കൂളിലെത്താൻ പ്രയാസം അനുഭവപ്പെടുന്നു. ഇത് കുട്ടികൾക്ക് അധ്യയന ദിനങ്ങൾ നഷ്ടപ്പെടാൻ കാരണമാകുന്നു. ഇതും പഠനത്തെ സാരമായി ബാധിക്കുന്നു.

രക്ഷിതാക്കളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥയും മക്കളുടെ പഠന പിന്നോക്കാവസ്ഥക്ക് ഒരു പ്രധാന കാരണമാണ്. ഈ പ്രധാന പ്രശ്നങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് ഈ വിദ്യാലയം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. പാർശ്വവൽക്കരിക്കപ്പെട്ട വിദ്യാർത്ഥികളെ സമഗ്രഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗവാക്കാക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

# വിഷൻ 2025-'26

- ഓരോ കുട്ടിയും അതാത് ക്ലാസുകളിൽ ലഭിക്കേണ്ട ശേഷികളും നൈപുണികളും നേടുന്നുണ്ടെന്ന് ഉറപ്പ് വരുത്തൽ
- സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ആവശ്യകത രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ.

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും ആസ്വാദ്യകരമാക്കുന്നു.
- കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയത്തെ സജ്ജമാക്കുന്നു.
- വിദ്യാർത്ഥികൾക്ക് പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടവരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

## പഠനാന്തരീക്ഷം.

- ക്ലാസ് മുറികൾ ശിശു സൗഹൃദ പരമായി സജ്ജീകരിക്കുന്നു.
- ക്ലാസ് മുറികളിൽ ജനാധിപത്യം, അവസര സമത്വം, സ്വാതന്ത്ര്യചിന്ത, ലിംഗസമത്വം തുടങ്ങിയവ ഉറപ്പുവരുത്തുന്നു.
- അനുയോജ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നു.

- ആധുനിക സാങ്കേതിക വിദ്യയുടെ ലഭ്യത പരമാവധി ഉപയോഗപ്പെടുത്തുന്നു.
- ആരോഗ്യപരമായ അധ്യാപക - വിദ്യാർത്ഥി ബന്ധം സ്ഥാപിക്കുന്നു.
- ലഭ്യതക്കനുസരിച്ച് ആവശ്യമായ പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- അധ്യാപകർ ദൈനംദിനാസൂത്രണവും സമഗ്രാസൂത്രണവും നടത്തുന്നതിലൂടെ മെച്ചപ്പെട്ട പഠനപ്രവർത്തനങ്ങൾ നടക്കുകയും കുട്ടികളുടെ സമഗ്ര വികാസം സാധ്യമാവുകയും ചെയ്യുന്നു.

## സാമൂഹിക ഇടപെടലുകൾ.

പി.ടി.എ, മദർ പി.ടി.എ, എസ്.എം.സി, പൂർവ്വ വിദ്യാർത്ഥികൾ, വിവിധ ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരെല്ലാം ഈ വിദ്യാലയത്തെ മെച്ചപ്പെടുത്തുന്നതിന് കൈകോർത്ത് പ്രവർത്തിക്കുകയും സകല പിന്തുണയും നൽകുകയും ചെയ്തു വരുന്നു.

## വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ, പരിമിതികൾ.

- മുഴുവൻ കുട്ടികൾക്കും പഠനം നടത്താൻ ആവശ്യമായ ക്ലാസ് മുറികളും മറ്റു സാമഗ്രികളും ലഭ്യമല്ല.
- മലയോര മേഖലകളിലെ കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ.
- രക്ഷിതാക്കളുടെ അറിവില്ലായ്മ/താൽപര്യക്കുറവ് കുട്ടികളുടെ സമഗ്ര വളർച്ചക്ക് തടസ്സമാകുന്നു.
- സയൻസ് ലാബ്, ഐ.ടി. ലാബ്, ലൈബ്രറി മുതലായവയുടെ അപര്യാപ്തത എന്നും ഈ വിദ്യാലയത്തിന്റെ ഒരു പ്രശ്നമാണ്.

# പ്രവർത്തനങ്ങൾ

## മിഷൻ 1

- പ്രീടെസ്റ്റ് നടത്തി പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികളെ കണ്ടെത്തുന്നു. അവരുടെ കുടുംബ - സാമൂഹിക - സാമ്പത്തിക പശ്ചാത്തലം അറിയാൻ ഗൃഹ സന്ദർശനം, survey മുതലായവ സംഘടിപ്പിക്കുന്നു.
- ഈ കുട്ടികളെ തന്നെ വിവിധ നിലവാരത്തിലുള്ളവരായി പട്ടികപ്പെടുത്തുന്നു.
- ഓരോ കുട്ടിക്കും അവരവരുടെ നിലവാരമനുസരിച്ചുള്ള പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.
- പഠന പ്രവർത്തനങ്ങളുടെ ഓരോ ഘട്ടത്തിലും മൂല്യനിർണയം നടത്തി പരിഹാര ബോധനം നൽകുന്നു.
- പഠനത്തിൽ താൽപര്യം ജനിപ്പിക്കുന്ന തരത്തിൽ ഉള്ള ബോധന രീതികൾ നടപ്പിലാക്കുന്നു. (കളികൾ, സ്മാർട്ട് ക്ലാസ് etc)
- ഇത്തരത്തിൽ സമഗ്ര ഗുണമേന്മ എന്ന ലക്ഷ്യത്തിലേക്ക് കുട്ടിയെ എത്തിക്കാൻ ശ്രമിക്കുന്നു.

## മിഷൻ - 2

- മുഴുവൻ കുട്ടികളുടെയും രക്ഷാകർതൃ യോഗം നടത്തുന്നു.
- പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കളോട് പ്രത്യേകം സംവദിക്കുന്നു.
- മിഷൻ 1 ന്റെ പ്രാധാന്യം വിശദമാക്കുന്നു.
- മക്കൾ പഠനത്തിൽ പിന്നോക്കം ആയാൽ തന്നെ സമൂഹത്തിൽ അവർക്കുണ്ടാകാവുന്ന പ്രയാസങ്ങളും വിഷമതകളും രക്ഷിതാക്കൾ മനസ്സിലാക്കുന്നു.
- കുട്ടികൾക്ക് വേണ്ട പഠന പിന്തുണ വീടുകളിൽ നിന്ന് കൂടി ലഭിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുന്നു.
- കുട്ടിയുടെ ഓരോ ഘട്ടത്തിലുമുള്ള പഠന നിലവാരം ശ്രദ്ധിക്കേണ്ടതാണ് എന്ന് മനസ്സിലാക്കുന്നു.

- സമയാ സമയം യോഗം ചേരുന്നു. യോഗത്തിൽ ഞങ്ങളുടെ കുട്ടികളുടെ പഠന പുരോഗതി വിശകലനം ചെയ്യുന്നു.
- രക്ഷിതാവിന്റെ പൂർണ്ണ പിന്തുണയോടെ കുട്ടിയെ സമഗ്ര-ഗുണമേന്മാ വിദ്യാഭ്യാസം എന്നതിലേക്കെത്തിക്കാൻ പരിശ്രമിക്കുന്നു.

## ക്രോഡീകരണം.

അസംപ്ഷൻ ഗവ: ഹയർ സെക്കണ്ടറി സ്കൂളിൽ ഈ-അധ്യയന വർഷം അധ്യാപകരുടെയും പി.ടി.എ. യുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ രണ്ട് പ്രധാനപ്പെട്ട 'വിഷൻ' ആണ് ഞങ്ങൾ മുന്നോട്ട് വെച്ചിട്ടുള്ളത്. ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള അധ്യയന കാലഘട്ടത്തിൽ മുഴുവൻ വിദ്യാർത്ഥികൾക്കും സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കാൻ ആണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസ അവകാശ നിയമം നില നിൽക്കുന്ന ജനാധിപത്യ രാജ്യമാണ് നമ്മുടേത്. അത് കൊണ്ട് തന്നെ ഓരോ കുട്ടിക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്താൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.